**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 25** **04-10-2021 - ൽ മറുപടിയ്ക്ക്**

**ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. 235 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫീസുകളിലും ഔദ്യോഗിക വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫീസുകളിലേയും തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയിൽ ആക്ഷേപരഹിതമായ എല്ലാ തണ്ടപ്പേരുകളുടെയും ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്. ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ ആരംഭിച്ചിട്ടുണ്ട്. കുഞ്ചിത്തണ്ണി ജി.എച്ച്.എസ്.എസ്. ബൈസൺവാലി ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിലെ ലാബ് നവീകരണത്തിന്റെ ഉദ്ഘാടനം നടത്തി. ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിവാസൽ പഞ്ചായത്തിൽ 8.5 ലക്ഷം രൂപയുടെ പ്രവൃത്തികളടങ്ങുന്ന പദ്ധതി ഉദ്ഘാടനം ചെയ്തു. സുഭിക്ഷം സുരക്ഷിതം കേരളം എന്ന ലക്ഷ്യത്തോടെ വട്ടവടയിൽ ജൈവകൃഷി ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ